"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

ഡിഎ1/372/2019-തസ്വഭവ

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 15/02/2020

<u>സർക്കുലർ</u>

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്ഥാപനങ്ങളുടെ 2020 -21 ലെ വാർഷിക പദ്ധതി - ദുരന്ത നിവാരണ പദ്ധതി സംബന്ധിച്ച പ്രത്യേക സെമിനാർ സംഘടിപ്പിക്കുന്നതിനുള്ള നടപടിക്രമം - സംബന്ധിച്ച്

സൂചന:- 1. 04/12/2019 -ലെ സ.ഉ.(കൈ) നം.156/2019/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ്

2. 05/12/2019 -ലെ സ.ഉ.(കൈ) നം.157/2019/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ്

3. 06/01/2020 -ലെ സ.ഉ.(കൈ) നം.9/2020/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ്

4. 14/01/2020 -ലെ സ.ഉ.(കൈ) നം.14/2020/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ്

5. 23/1/2020 -ലെ സ.ഉ.(കൈ) നം. 19/2020/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ്

അടുത്ത സാമ്പത്തിക വർഷത്തെ വികസന പദ്ധതി മുതൽ വാർഷിക പദ്ധതിയുടെ ഭാഗമായി ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കേണ്ടതും, പ്രസ്തുത പദ്ധതിയിൽ ദുരന്ത പ്രതിരോധത്തിനുള്ള തയ്യാറെടുപ്പുകൾ, ലഘൂകരണ പ്രവൃത്തികൾ എന്നിവ ഉൾപ്പെടുത്തേണ്ടതുമാണെന്ന് സൂചന (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 2020-21 വർഷത്തേക്കുള്ള വികസന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനൊപ്പം തന്നെ ഗ്രാമ പഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപറേഷൻ തലങ്ങളിൽ ദുരന്ത മാനേജ്മെന്റ് പ്ലാനുകൾ തയ്യാറാക്കുന്നതിനും, ഗ്രാമസഭ/വാർഡ് സഭാ യോഗങ്ങളിൽ ചർച്ചയ്ക്ക് ശേഷം ദുരന്ത നിവാരണ പദ്ധതി ചർച്ച ചെയ്യുന്നതിന് വേണ്ടി ഒരു പ്രത്യേക വികസന സെമിനാർ സംഘടിപ്പിക്കുന്നതിന് സൂചന (2) പ്രകാരം ഉത്തരവായിട്ടുണ്ട്. ഈ പ്രത്യേക വികസന സെമിനാർ നടത്തിപ്പ് സംബന്ധിച്ച നടപടിക്രമങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. ദുരന്ത നിവാരണ പദ്ധതി രേഖയുടെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിന് പ്രത്യേക വികസന സെമിനാറിന്റെ പ്രസ്തുത നടപടിക്രമങ്ങൾ എല്ലാ ഗ്രാമ പഞ്ചായത്തുകളും നഗരസഭകളും കർശനമായി പാലിക്കേണ്ടതാണ്

**ശാരദ മുരളീധരൻ ഐ.എ.എസ്.**
**പ്രിൻസിപ്പൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
ഡയറക്ടർ, കില
ചീഫ്, വികേന്ദ്രീകൃതാസൂത്രണം
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
മെമ്പർ സെക്രട്ടറി, ജില്ലാ ആസൂത്രണ ബോർഡ്
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (ഗ്രാമ വികസന കമ്മീഷണർ മുഖേന)
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ നഗരസഭാ ചെയർമാന്മാർക്കും സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ/ഓഫീസ് കോപ്പി
പകർപ്പ്

ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

അനുബന്ധം

## ദുരന്ത നിവാരണ പദ്ധതി രേഖ ചർച്ച ചെയ്യുന്ന പ്രത്യേക വികസന സെമിനാർ നടപടിക്രമങ്ങൾ

2020 – 21 വർഷത്തെ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനൊപ്പം നമ്മുടെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ദുരന്ത നിവാരണ പദ്ധതി കൂടി തയ്യാറാക്കി വരുന്നു. ഇതിന്റെ ഭാഗമായി ഓരോ തദ്ദേശ സ്ഥാപനവും പ്രദേശത്തെ ജനങ്ങളെ സംഘടിപ്പിച്ച് ഒരു പ്രത്യേക വികസന സെമിനാർ നടത്തുന്നതിനു സർക്കാർ തീരുമാനിച്ച് ഉത്തരവായിട്ടുണ്ട്. ദുരന്ത സാധ്യതകളെ ഉൾകൊണ്ട് വികസന പദ്ധതി ആസൂത്രണം ചെയ്യുന്നതിനുള്ള ശ്രമമാണ് നമ്മൾ നടത്തുന്നത്. ദുരന്തത്തിന്റെ ആഘാതം കുറക്കുന്നതിനുള്ള മുന്നൊരുക്കങ്ങളും ദുരന്തത്തെ അഭിമുഖീകരിക്കാനും അതിജീവിക്കാനുമുള്ള ജനങ്ങളുടെ നൈപുണ്യ വികസനവുമാണ് ദുരന്ത നിവാരണ പദ്ധതി ലക്ഷ്യമിടുന്നത്. കാലാവാസ്ഥ മാറ്റവും പ്രകൃതി വിഭവങ്ങളുടെ അമിത ചൂഷണവും ദുരന്തത്തിന്റെ ആവർത്തനവും തോതും കൂട്ടുന്ന സാഹചര്യത്തിൽ അവയെ അതിജീവിക്കാനുള്ള തയ്യാറെടുപ്പ് വളരെ പ്രധാനമാണ്. ഇതോടൊപ്പം വരൾച്ച, തീപിടുത്തം, കൊടുങ്കാറ്റ്, വെടിക്കെട്ടപകടങ്ങൾ തുടങ്ങിയ പ്രാദേശിക ദുരന്തങ്ങളും പ്രതിരോധിക്കുന്നതിനുള്ള മുൻകരുതലുകളും പ്രതിരോധ പ്രവർത്തനങ്ങളും ഇതിന്റെ ഭാഗമായി ഉൾപ്പെടുത്തുന്നു. ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനവും അതിന്റെ പാരിസ്ഥിതിക സവിശേഷതകളും ദുരന്തസാധ്യതകളും ഉൾകൊള്ളുന്ന വികസന പരിപാടികളും ജീവിതരീതിയും പിന്തുടരാൻ സജ്ജമാകേണ്ടതുണ്ട്. ഇതിനുള്ള ആദ്യപടിയാണ് ജനപങ്കാളിത്തത്തോടെയുള്ള ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കൽ. പങ്കാളിത്ത ആസൂത്രണം ശാക്തീകരണത്തിനും നൈപുണ്യ വികസനത്തിനുമുള്ള ഉപാധി കൂടിയാണ്. ദുരന്താവസ്ഥ റിപ്പോർട്ട് തയ്യാറാക്കൽ, വികസന സെമിനാർ, ദുരന്ത നിവാരണ പദ്ധതി രേഖ തയ്യാറാക്കൽ എന്നിവയാണ് ദുരന്ത നിവാരണ പദ്ധതി രൂപീകരണ പ്രക്രിയയിലെ പ്രധാന ഘടകങ്ങൾ.

ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും, ജനങ്ങളുടെ അനുഭവവും പ്രാദേശിക പഠനങ്ങളും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി തയ്യാറാക്കിയ ദുരന്ത സാധ്യത മാപ്പുകളും ഉപയോഗപ്പെടുത്തിയാണ് ദുരന്ത നിവാരണ അവസ്ഥാ റിപ്പോർട്ട് തയ്യാറാക്കുക. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ദുരന്ത നിവാരണ മുന്നൊരുക്കങ്ങൾക്കും, ദുരന്ത പ്രതികരണ കർമ്മ പരിപാടിക്കും തദ്ദേശ സ്വയംഭരണ സ്ഥാപനം രൂപം നൽകും. ഒപ്പം വികസന പദ്ധതിയുടെ ഭാഗമായി ഓരോ വികസന മേഖലയിലേക്കും തയ്യാറാക്കുന്ന പ്രോജക്ടുകളിൽ ദുരന്ത അതിജീവന ശേഷി ഉറപ്പാക്കുന്ന സാങ്കേതിക തികവ് ഉറപ്പുവരുത്താനും ലക്ഷ്യമിടുന്നു. നമ്മുടെ എല്ലാ വികസന പ്രോജക്ടുകളും കാലാവസ്ഥാ വ്യതിയാനം സൃഷ്ടിക്കുന്ന ആഘാതത്തേയും ദുരന്ത സാധ്യതകളെയും അതിജീവിക്കാൻ സഹായിക്കുന്നതാകണം. ഇതിനുള്ള ആസൂത്രണ വൈദഗ്ദ്ധ്യവും നിർവ്വഹണശേഷിയും ജനപ്രതിനിധികളിലും ഉദ്യോഗസ്ഥരിലും വളർത്തേണ്ടതുണ്ട്. കൂടാതെ, ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട് ജനങ്ങളിൽ പങ്കാളിത്ത ആസൂത്രണ-നിർവ്വഹണ-വിലയിരുത്തൽ ശേഷിയും വളർത്തികൊണ്ട് വരണം. ഇതിനുള്ള ശ്രമമാണ് 'നമ്മൾ നമുക്കായി' ക്യാമ്പയിനിൽ ലക്ഷ്യമിടുന്നത്. ജനകീയാസൂത്രണ അനുഭവം ഇക്കാര്യത്തിൽ നമുക്ക് വലിയ മുതൽക്കൂട്ടാണ്. ജനകീയാസൂത്രണത്തിന്റെ 25-mw

വാർഷികത്തിൽ കേരളം ലോകത്തിന് സമർപ്പിക്കുന്ന മറ്റൊരു സംഭാവന ആയിരിക്കും ജനകീയ ദുരന്ത നിവാരണ പദ്ധതി.

## പ്രത്യേക വികസന സെമിനാർ

ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കുന്നതിൽ ഒരു പ്രധാന ഘട്ടമാണ് വികസന സെമിനാർ. ജനങ്ങളുടെ അറിവ്, അനുഭവം, പ്രാദേശിക വൈദഗ്ധ്യം എന്നിവ സമാഹരിക്കാനും ദുരന്ത നിവാരണ പദ്ധതിയിലേക്ക് സമന്വയിപ്പിക്കാനും വികസന സെമിനാറിലൂടെ കഴിയും. വികസന സെമിനാറിനു മുൻപേ LRG അംഗങ്ങളും, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളും ആസൂത്രണ സമിതി അംഗങ്ങളും കൂടിയിരുന്ന് വികസന സെമിനാറിൽ അവതരിപ്പിക്കാനുള്ള സൂചന (5) പ്രകാരമുള്ള അനുബന്ധം (3-A) (6-A) ഫോറങ്ങൾ അന്തിമമാക്കേണ്ടതാണ്. അവസ്ഥാ വിശകലന റിപ്പോർട്ടും, ദുരന്ത നിവാരണ പദ്ധതി ടെമ്പ്ലേറ്റും പ്രത്യേക വികസന സെമിനാറിൽ ചർച്ച ചെയ്യേണ്ടതാണ്.

1. ദൈർഘ്യം : ഏകദിനം

2. പങ്കെടുക്കേണ്ടവർ : ജനപ്രതിനിധികൾ, കർമ്മസമിതി അംഗങ്ങൾ, ഗ്രാമസഭ/വാർഡ് സഭയിൽ നിന്നും തിരഞ്ഞെടുത്ത പ്രതിനിധികൾ, ഈ വിഷയത്തിൽ സംഭാവന ചെയ്യാൻ കഴിവുള്ളവർ, ദുരന്ത കാലഘട്ടത്തിൽ വിവിധ പ്രവർത്തനങ്ങളിൽ സന്നദ്ധ പ്രവർത്തനം നടത്തിയവർ - പരമാവധി 300 - 350 പേർ.

3. സെമിനാർ നടപടി ക്രമങ്ങൾ:

(എ) ആമുഖം - പ്രസിഡന്റ്/ചെയർപേഴ്സൺ/മേയർ - 10 മിനിട്ട്

- കേരളം അതിജീവിച്ച ദുരന്തം : (2018-19 ലെ ദുരന്തങ്ങളുടെ ശക്തിയും പ്രത്യാഘാതവും, അവ അതിജീവിക്കുന്നതിൽ കേരള സമൂഹം കാണിച്ച പ്രാഗത്ഭ്യം വെളിവാകുന്ന വിധം സെമിനാർ ചർച്ചകളിൽ പങ്കാളിത്തം ഉറപ്പിക്കാൻ സഹായിക്കുന്ന ആമുഖം. വരൾച്ച, വെടിക്കെട്ടപകടം, മുങ്ങിമരണം, പ്രാദേശിക ദുരന്തങ്ങൾ, പകർച്ചവ്യാധികൾ ഉൾപ്പടെയുള്ള ദുരന്തങ്ങൾ സംബന്ധിച്ചും പ്രതിപാദിക്കാം)

(ബി) ദുരന്താവസ്ഥാ റിപ്പോർട്ട് അവതരണം - 15 മിനിട്ട് (ജൈവ വൈവിധ്യ, കാലാവസ്ഥാ വ്യതിയാന,

ദുരന്ത ലഘൂകരണ വർക്കിംഗ് ഗ്രൂപ്പ് ചെയർമാൻ / കൺവീനർ

- ജനങ്ങളുടെ അനുഭവവും പ്രാദേശിക പഠനങ്ങളും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി തയ്യാറാക്കിയ ദുരന്ത സാധ്യത മാപ്പുകളും വിശകലനം ചെയ്ത് തയ്യാറാക്കിയ ദുരന്ത നിവാരണ അവസ്ഥ റിപ്പോർട്ടാണ് അവതരിപ്പിക്കേണ്ടത്.

- പ്രദേശത്ത് സംഭവിച്ച / സംഭവിക്കാൻ സാധ്യതയുള്ള ദുരന്തങ്ങളുടെ സ്വഭാവം

- ദുരന്തം സൃഷ്ടിച്ച പ്രത്യാഘാതം
- ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട് മുന്നോട്ട് വയ്ക്കുന്ന പ്രധാന വികസന സമീപനം, (ജലവിഭവ വികസന, പശ്ചാത്തല വികസന, ഭവന നിർമ്മാണം, മാലിന്യ സംസ്കരണം തുടങ്ങിയവ സംബന്ധിച്ച്) എന്നിവ ഉൾപ്പെടണം.

(സി) ദുരന്ത സാധ്യതാ മാപ്പുകൾ - 15 മിനിട്ട് (മാപ്പുകൾ സംബന്ധിച്ച് വായിക്കാനറിയുന്ന വിദഗ്ധൻ)

- ദുരന്ത സാധ്യതാ റിപ്പോർട്ടിന്റെ ഉള്ളടക്കത്തെ സാധൂകരിക്കൽ മാപ്പ് അവതരണത്തിലൂടെ ചെയ്യാൻ കഴിയണം. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി തയ്യാറാക്കിയ വിവിധ ദുരന്ത സാധ്യതാ മാപ്പുകളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യാം.

(ഡി) ദുരന്താഘാത ലഘൂകരണ നടപടികൾ - 15 മിനിട്ട്

- പ്രദേശത്തെ ദുരന്താഘാതം കുറയ്ക്കാൻ നിർദ്ദേശിക്കുന്ന പ്രോജക്ടുകളും പ്രവർത്തനങ്ങളും എന്തൊക്കെ എന്ന് അവതരിപ്പിക്കണം

എല്ലാ അവതരണങ്ങളും 11.30 ന് മുൻപ് തീർക്കാൻ കഴിയണം, അത് കഴിഞ്ഞ് വർക്കിംഗ് ഗ്രൂപ്പ് അടിസ്ഥാനത്തിൽ ചർച്ചയ്ക്കായി പിരിയണം. കുറഞ്ഞത് രണ്ട് മണിക്കൂർ ഗ്രൂപ്പ് ചർച്ചയ്ക്ക് നൽകണം.

(എഫ്) ഗ്രൂപ്പ് ചർച്ച – 11.30 - 1.30

- പങ്കെടുക്കുന്നവരെ 25 -30 പേർ പങ്കെടുക്കുന്ന ഗ്രൂപ്പുകളായി തിരിക്കണം. ഗ്രൂപ്പിൽ നടക്കേണ്ട ചർച്ച താഴെ പറയുന്ന രീതിയിലാകേണ്ടതാണ്.
- കരട് ദുരന്ത നിവാരണ പദ്ധതി രേഖ മുഴുവനും വായിക്കണം, വായന അനിവാര്യമാണ്. തുടർന്ന് അദ്ധ്യായവും വായിക്കണം. എന്നാൽ ചുവടെ ചേർക്കുന്ന അദ്ധ്യായങ്ങൾ നിർബന്ധമായും വായിച്ച് ശുപാർശകൾ സമർപ്പിക്കൽ നിർബന്ധമാണ്.

i. ദുരന്തങ്ങളും ദുരന്ത സാധ്യതകളും വിശകലനം : കരട് ദുരന്ത നിവാരണ പദ്ധതി രേഖ പ്രകാരം ദുരന്ത സാധ്യതകൾ സംബന്ധിച്ച് / ദുരന്തം വിതച്ച നഷ്ടങ്ങളും / പഞ്ചായത്ത് /നഗരസഭ പ്രദേശത്ത് സംഭവിക്കാൻ സാധ്യതയുള്ള ദുരന്തങ്ങളും സംബന്ധിച്ച് ചർച്ച ചെയ്യണം.

ii. ദുരന്ത പ്രതികരണ പദ്ധതി : - കരട് ദുരന്ത നിവാരണ പദ്ധതിയിൽ ഉൾപ്പെടുത്തിയ ദുരന്ത പ്രതികരണ പദ്ധതിയും ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് പ്രദേശത്ത് ലഭ്യമായ വിഭവങ്ങളും കാര്യശേഷിയും ചർച്ചാ വിധേയമാക്കണം.

iii. ദുരന്ത മുന്നൊരുക്കം, . ലഘൂകരണം, സാമൂഹ്യശാക്തീകരണം:- കരട് ദുരന്ത നിവാരണ പദ്ധതിയുടെ ഭാഗമായ ദുരന്ത മുന്നൊരുക്ക പ്രവർത്തനങ്ങൾ, ലഘൂകരണ പ്രവർത്തനങ്ങൾ, സാമൂഹ്യ ശാക്തീകരണ നടപടികൾ എന്നിവയും ചർച്ച ചെയ്യപ്പെടണം.

iv. കാലാവസ്ഥാനുസൃത ദുരന്ത ലഘൂകരണ പ്രോജക്ടുകൾ:- കരട് ദുരന്ത നിവാരണ പദ്ധതിയിൽ ഉൾപ്പെടുത്തപ്പെട്ട പ്രവർത്തനങ്ങളും/ പ്രോജക്ടുകളും ചർച്ചക്ക് വിധേയമാക്കണം.

o നിർദ്ദേശിക്കപ്പെട്ട വിവിധ ദുരന്ത നിവാരണ പ്രോജക്ടുകൾ ഏതൊക്കെ? അവ ദുരന്ത ലഘൂകരണത്തിന് ഉതകുന്നതാണോ?

* മുന്നറിയിപ്പ് സംവിധാനങ്ങൾ * തയ്യാറെടുപ്പ് സംവിധാനങ്ങൾ

* ഷെൽട്ടർ മാനേജ്മെന്റ് * നിലവിലുള്ള റോഡുകളുടെയും പാലങ്ങളുടെയും സുരക്ഷ * ജല സ്രോതസ്സുകളുടെ സംരക്ഷണവും വികസനവും

* കൃഷി ഭൂമി, വളർത്തു മൃഗങ്ങൾ ഉൾപ്പെടെയുള്ള ജീവനോപാധികളുടെ സംരക്ഷണം

* ജല നിർഗ്ഗമന കനാലുകളുടെ പ്രശ്നങ്ങൾ

തുടങ്ങിയ പ്രദേശത്തെ ദുരന്ത സാധ്യത ലഘൂകരിക്കാനുതകുന്ന പ്രോജക്ടുകൾ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് ചർച്ച ചെയ്യണം

o ദുരന്ത ദുർബലതാ മേഖലകളിൽ തന്നെയാണോ നിർദ്ദേശിക്കപ്പെട്ട പ്രോജക്ടുകൾ ഉൾപ്പെട്ടിട്ടുള്ളത്?

o നിർദ്ദേശിക്കപ്പെട്ട പ്രോജക്ടുകൾ ദുരന്ത ദുർബലത പരിഹരിക്കുന്നത് തന്നെയാണോ?

o കരട് ദുരന്ത നിവാരണ പദ്ധതിയിൽ ഏറ്റെടുത്ത പ്രവർത്തനങ്ങൾക്ക് പുറമേ ഏതെങ്കിലും പദ്ധതികൾ ദുരന്ത നിവാരണത്തിന് ഉതകുന്നതായി ഏറ്റെടുക്കേണ്ടതുണ്ടോ?

➢ ക്രമീകരണം : ഓരോ ഗ്രൂപ്പിലും മോഡറേറ്ററായി ഒരു ജനപ്രതിനിധിയെയോ/വർക്കിംഗ് ഗ്രൂപ്പിലെ അനൗദ്യോഗിക അംഗത്തെയോ നിയോഗിക്കണം, ഗ്രൂപ്പ് ചർച്ചയിലെ വിവരങ്ങൾ റിപ്പോർട്ട് ചെയ്യാൻ റാപ്പോർട്ടിയറെ (LRG അംഗത്തെ) ചുതലപ്പെടുത്തണം.

(ജി) പ്ലീനറി – 02.00 - 3.30

4. എല്ലാ ഗ്രൂപ്പിന്റെയും നിർദ്ദേശങ്ങൾ/ഭേദഗതികൾ എഴുതി തയ്യാറാക്കി റാപ്പോർട്ടിയർ പ്ലീനറിയിൽ അവതരിപ്പിക്കണം.

5. ഗ്രൂപ്പ് - റിപ്പോർട്ടിംഗ് - കഴിഞ്ഞാൽ - പൊതു ക്രോഡീകരണം.

വികസന സെമിനാറിലെ ചർച്ചയിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് അവസ്ഥാ വിശകലന റിപ്പോർട്ടും ദുരന്ത നിവാരണ പദ്ധതി ടെമ്പ്ലേറ്റും ജൈവ വൈവിധ്യ, കാലാവസ്ഥാ വ്യതിയാന, ദുരന്ത നിവാരണ വർക്കിംഗ് ഗ്രൂപ്പ് അന്തിമമാക്കേണ്ടതാണ്.